# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2464** **12.06.2018-ൽ മറുപടിക്ക്**

വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കടുത്ത വോൾട്ടേജ് ക്ഷാമത്തിലേക്കാണ് കാസർഗോഡ് ജില്ല പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ല കടുത്ത വോൾട്ടേജ് ക്ഷാമത്തിലേക്ക് പോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജില്ലയിൽ ഉപഭോഗ വർദ്ധനവ് അനുസരിച്ച് ഉത്പാദന പ്രസരണ വിതരണ ശൃംഖല വിപുലപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | ജില്ലയിലെ ഉപഭോഗ വർദ്ധനവനുസരിച്ച് ഉത്പാദനം കൂട്ടാൻ 50 മെഗാവാട്ട് സോളാർ പാർക്ക് അമ്പലത്തറയിൽ സ്ഥാപിച്ചു കഴിഞ്ഞു.<br>കൂടാതെ പ്രസരണശൃംഖല വിപുലപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടന്നുവരുന്നു.<br>(i) 33 കെ.വി. സബ് സ്റ്റേഷൻ രാജപുരത്തിന്റെ നിർമ്മാണം.<br>(ii) 110 കെ.വി. മൈലാട്ടി - തവിഡുഗോളി ലൈനിന്റെ പുനരുദ്ധാരണം.<br>(iii) 110 കെ.വി. സബ് സ്റ്റേഷൻ ചെറുവത്തൂർ, 33 കെ.വി. സബ് സ്റ്റേഷൻ വെസ്റ്റ് എളേരി എന്നിവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ.<br>വിതരണശൃംഖലാ വികസനത്തിനായി സംസ്ഥാനമൊട്ടാകെ അടുത്ത നാലു വർഷത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സർക്കിൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിൽ കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയുടെ വികസന ചുമതലയുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ അടുത്ത നാലു വർഷത്തേയ്ക്ക് ചെയ്യേണ്ടുന്ന പ്രവൃത്തികൾ കണ്ടെത്തുകയും അവയ്ക്കു വേണ്ട ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br>ജില്ലയിലെ വിതരണ ശൃംഖല വിപുലപ്പെടുത്തുവാൻ 2018-22 കാലഘട്ടത്തേക്ക് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റുകൾ (പി.എം.യു.) മുഖേന ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | പുതിയ ട്രാൻസ്ഫോർമറുകൾ | 281 |
| 2 | ട്രാൻസ്ഫോർമറിൻറെ ശേഷി വർദ്ധിപ്പിക്കൽ | 95 |
| 3 | ട്രാൻസ്ഫോർമർ കേടായത് മാറ്റി പുതിയത് സ്ഥാപിക്കൽ | 14 |
| 4 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ | 879.789 കി.മീ. |

| | | |
|---|---|---|
| 5 | പുതിയ സിംഗിൾ ഫേസ് ലൈൻ വലിക്കൽ | 195.613 കി.മീ. |
| 6 | പുതിയ 11 കെ.വി. ലൈൻ നിർമ്മാണം | 503.942 കി.മീ. |
| 7 | പുതിയ ഏരിയൽ ബഞ്ചഡ് കേബിൾ നിർമ്മാണം | 143.075 കി.മീ. |
| 8 | ലൈനുകൾ ഏരിയൽ ബൻച്ഡ് കേബിൾ ആക്കി മാറ്റുന്നത് | 50.82 കി.മീ. |
| 9 | 11 കെ.വി. പഴയ കമ്പി മാറ്റി പുതിയ കമ്പി ആക്കൽ | 328.81 കി.മീ. |
| 10 | എൽ.ടി. പഴയ കമ്പി മാറ്റി പുതിയത് സ്ഥാപിക്കൽ | 5388.264 കി.മീ. |
| 11 | ഭൂഗർഭ കേബിൾ നിർമ്മാണം | 67.975 കി.മീ. |
| 12 | എച്ച്.വി.ഡി.എസ്. | 2 എണ്ണം |
| 13 | എൽ.ടി. എ.ബി.സി. | 8.63 കി.മീ. |
| 14 | എച്ച്.ടി. കവേർഡ് കണ്ടക്ടർ | 38 കി.മീ. |

| | | | |
|---|---|---|---|
| (സി) | എപ്പോഴാണ് ജില്ലയിൽ മയിലാട്ടി പദ്ധതി വന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 1998-ൽ മൈലാട്ടി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്തു. മയിലാട്ടിയിൽ ഒരു മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനായി എലക്ട്രോണ എനർജ്ജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 01.03.2018-ൽ കരാർ ഒപ്പ് വച്ച് തുടർ നടപടികൾ നടത്തി വരുന്നു. |
| (ഡി) | ഈ പദ്ധതി വരുന്നതിനു മുമ്പും അതിനുശേഷവും ജില്ലയിലെ വോൾട്ടേജ് സ്ഥിതി എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | മൈലാട്ടിയിൽ 220 കെ.വി. സബ് സ്റ്റേഷൻ വന്നതോടെ കാസറഗോഡ് ജില്ലയിലു അന്നുവരെയുണ്ടായിരുന്ന വോൾട്ടേജ് ക്ഷാമം നല്ലതോതിൽ പരിഹരിക്കാൻ കഴിഞ്ഞു. |
| (ഇ) | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 200 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ അമ്പലത്തറയിൽ തുടങ്ങിയ സോളാർപ്ലാന്റിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | (ഇ) | കാസറഗോഡ് ജില്ലയിൽ അനുവദിച്ച 200 മെഗാവാട്ട് സോളാർ പദ്ധതിയിൽ 50 മെഗാവാട്ടാണ് അമ്പലത്തറയിൽ ഉത്പാദിപ്പി ക്കുന്നത്. ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ച് 14.09.2017 മുതൽ വൈദ്യുതി കെ. എസ്. ഇ. ബി. ക്ക് ലഭിക്കുന്നുണ്ട്. ബാക്കിയുള്ള സോളാർ പദ്ധതികൾക്കായി സർക്കാർ അനുവദിച്ചിരുന്ന സ്ഥലം തിരിച്ചെടുത്തതിനാൽ പദ്ധതികൾ നടപ്പാക്കാനായിട്ടില്ല. |
| (എഫ്) | എത്ര ഏക്കർ സ്ഥലമാണ് തുടക്കത്തിൽ ഈ പദ്ധതിക്കായി നീക്കിവെച്ചതെന്നും പദ്ധതി തുടങ്ങിയത് എത്ര ഏക്കറിലാണെന്നും, ബാക്കി സ്ഥലം എന്ത് ചെയ്തു എന്നും വ്യക്തമാക്കാമോ; | (എഫ്) | 1083.26 ഏക്കർ സ്ഥലമാണ് തുടക്കത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ചത്. ഇതിൽ 50 മെഗാവാട്ടിന്റെ അമ്പലത്തറ സോളാർ പദ്ധതി 250 ഏക്കർ സ്ഥലത്ത് തുടങ്ങുകയുണ്ടായി. പ്രസ്തുത പദ്ധതി 14.09.2017 -ൽ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി സ്ഥലം G.O.(MS) No.353/2017/RD dated 24.10.2017 പ്രകാരം ഗവൺമെന്റ് തിരിച്ചെടുക്കുകയുണ്ടായി. |
| (ജി) | 150 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിന് | (ജി) | 150 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് |

| | | |
|---|---|---|
| | പൈവളിഗയിലും കിനാനൂർ കരിന്തളത്തുമായി തുടങ്ങാൻ തീരുമാനിച്ച സോളാർ പ്ലാന്റ് ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; 400 കെ.വി.ലൈൻ (പവർ ഹൈവേ), മയിലാട്ടിയിലെ 10 മെഗാവാട്ട് ഡീസൽ പ്ലാന്റ് വീണ്ടും പ്രവർത്തനം ആരംഭിക്കൽ തുടങ്ങിയ കാര്യങ്ങളിൽ എപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | പൈവെളിഗയിലും കിനാനൂർ, കരിന്തളത്തുമായി തുടങ്ങാൻ തീരുമാനിച്ച സോളാർ പദ്ധതികൾക്കുള്ള സ്ഥലം സർക്കാർ തിരിച്ചെടുത്തതുകാരണം പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞില്ല.<br>400 കെ.വി. ലൈനിന്റെ ഉടുപ്പി-ചീമേനി ലൈനിന്റെയും കാസർഗോഡ് സബ് സ്റ്റേഷന്റെയും ടെണ്ടർ നടപടികൾക്കുള്ള അനുമതിയ്ക്കായി സ്.ഇ.എ. (സെൻട്രൽ ഇലക്ട്രി സിറ്റി അതോറിറ്റി) എംപവേർഡ് കമ്മിറ്റിയ്ക്ക് (Empowered Committee) നൽകിയിട്ടുണ്ട്. കാസർഗോഡ് നിന്നും വയനാട്ടിലേക്കുള്ള പവർ ഹൈവേയുടെ നിർമ്മാണം തുടങ്ങിയിട്ടില്ല.<br>മയിലാട്ടിയിൽ 10 മെഗാവാട്ട് ഡീസൽ പ്ലാന്റ് വീണ്ടും പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ